## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. **87** — 03.12.2014 -ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ ശിശുമരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ :<br>ശ്രീ. കെ. രാധാകൃഷ്ണൻ :<br>,, കെ. വി. വിജയദാസ് :<br>,, കെ. വി. അബ്ദുൽ ഖാദർ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ വർദ്ധിച്ച തോതിൽ പട്ടിക ഗോത്രവർഗ്ഗ ശിശുമരണം തുടരുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയത് വിശദമാക്കുമോ ; | (എ) | ഉണ്ട്. അട്ടപ്പാടിയിൽ പട്ടികഗോത്ര ശിശുമരണത്തിന്റെ തോത് മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞതായാണ് രേഖകൾ സൂചിപ്പിക്കുന്നത്. ഇത് സർക്കാർ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും ശ്രമഫല മായിട്ടാണ്.<br>കോട്ടത്തറ ആശുപത്രിയിൽ നവജാത ശിശു തീവ്ര പരിചരണ വിഭാഗം ആരംഭിക്കുന്നതിനും തൂക്കം കുറഞ്ഞ നവജാത ശിശുക്കളെ കിടത്തി ചികിത്സിക്കുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. ഡോക്ടർമാർ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവരെ നിയമിക്കുന്നതു വഴി മെച്ചപ്പെട്ട ആരോഗ്യസേവനങ്ങൾ നൽകുവാനും സാധിച്ചു. |
| ബി) | ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം നിഷ്ഫലമായിട്ടുണ്ടോ ; കാരണങ്ങൾ അറിയിക്കുമോ ; | (ബി) | അട്ടപ്പാടിയിലെ ശിശുമരണങ്ങളിൽ ഈ വർഷം കാര്യമായ കുറവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം (2013) പട്ടിക വർഗ്ഗ വിഭാഗത്തിൽ 31 ശിശുമരണങ്ങളാണ് ഉണ്ടായത്. ഈ വർഷം ഇത് വരെ (നവംബർ 27) 13 മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. ശിശുമരണങ്ങൾ കുറച്ച്കൊണ്ടു വരുവാനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് ചെയ്ത് വരുന്നുണ്ട്.<br>ഗുരുതരമായ പോഷണക്കുറവുള്ള കുഞ്ഞുങ്ങളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ കാര്യമായ കുറവ് വന്നിട്ടുണ്ട്. ഇപ്പോൾ 69 കുട്ടികൾക്കാണ് ഗുരുതരമായ പോഷണക്കുറവുള്ളത്. കഴിഞ്ഞ വർഷം പ്രത്യേക പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ ഇവരുടെ എണ്ണം 299 ആയിരുന്നു. |

(.....2)

ഫീൽഡ് തല ആരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആരോഗ്യ ഉപകേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കോട്ടത്തറ ആശുപത്രി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കൂടുതൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുകയും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുണ്ടായിരുന്ന രണ്ട് മൊബൈൽ യൂണിറ്റുകൾക്ക് പുറമേ 3 യൂണിറ്റുകൾ കൂടി ദേശീയ ആരോഗ്യ മിഷൻ വഴി ആരംഭിച്ച് ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.

(സി) എന്തൊക്കെ അടിയന്തര / ഹ്രസ്വകാല / ദീർഘകാല പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതിയിലെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുവാനും ഉദ്ദേശിക്കുന്നു. ദീർഘകാലാടിസ്ഥാനത്തിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരത്തിന്റെ ആവശ്യകത, വ്യക്തി ശുചിത്വം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണം നൽകുന്നതിനും മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ പ്രാപ്തമാക്കുന്നതിനും ലക്ഷ്യമിടുന്നു.

(ഡി) മേൽ പശ്ചാത്തലത്തിൽ പ്രസ്തുത പരിപാടികളുടെ മേൽനോട്ടം മന്ത്രിതല സമിതിയെ ഏൽപ്പിക്കാൻ തയ്യാറാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ